നാടൻ കലകൾ നേരിടുന്ന വെല്ലുവിളി

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

സാധാരണ ജനങ്ങളുടെ ജീവിതത്തിന്റെ സ്പന്ദനങ്ങളും അവരുടെ ജീവിതത്തിൽ ഉളവാകുന്ന മോഹങ്ങളും, മോഹഭംഗങ്ങളുമെല്ലാം പ്രതിധ്വനിക്കുന്നത് നാടൻ കലകളിലാണ്. ആശാഭിലാഷങ്ങളെ ആസ്പദമാക്കി രൂപം പ്രാപിക്കുന്ന ഈ കലകളിൽ കാപട്യത്തെക്കാളധികം ആത്മാർത്ഥതയ്ക്കാണ് സ്ഥാനം. അതിനാൽ ശാസ്ത്രീയ കലാംശങ്ങൾ കാര്യമായതോതിൽ കാണാൻ ഇടയില്ലെങ്കിൽ പോലും അതിൽ ആത്മാർത്ഥത മുററി നിൽക്കുന്നതായി അനുഭവപ്പെടുന്നുണ്ട്. ശുദ്ധമായ ശാസ്ത്രീയ പ്രമാണങ്ങളെ അടിസ്ഥാനമാക്കി വിലയിരുത്തുമ്പോൾ, ശാസ്ത്രീയാധിഷ്ഠിതങ്ങളായ തത്വങ്ങളും മററും കുറഞ്ഞ തോതിലെ ഉണ്ടായെന്നു വരൂ. എന്നാൽ ഏതു കലാരൂപവും, അതു് രൂപം നല്കുന്ന കലാകാരന്റെ ആത്മാർത്ഥതയുടെ ആകത്തുകയാണ് ആവിഷ്ക്കരിക്കേണ്ടതെങ്കിൽ, ആ മാനദണ്ഡത്തെ അടിസ്ഥാനമാക്കിയാണ് കലാരൂപങ്ങളെ വിലയിരുത്തുന്നതെങ്കിൽ, നാടൻ കലകൾക്ക് നാണിക്കേണ്ട കാര്യമൊന്നുമില്ല. ഭാഷയുണ്ടായത് അതിന്റെ വ്യാകരണത്തിൽനിന്നല്ലല്ലോ. ഭാഷയിൽനിന്ന് സ്വരൂപിച്ചതാണ് വ്യാകരണം. അതുപോലെ കലയുടെ ശാസ്ത്രീയ വശങ്ങൾ രൂപീകരിക്കുവാനിടവന്നിട്ടുള്ളത് കലകൾ ജന്മംകൊണ്ട് വളർച്ച പ്രാപിച്ചതിന്നു ശേഷമാണ്. ഏതൊരു കലയും ജീവിതത്തിന്റെ വൈവിദ്ധ്യമാർന്ന നിരവധി മുഗ്ദ്ധഭാവങ്ങൾ കലർന്നിരിക്കും. ആ ഭാവങ്ങളെ അന്വേഷിച്ച് നിർണ്ണയിക്കാനുള്ള ശ്രമത്തിൽനിന്നു രൂപംകൊള്ളുന്ന ആശയങ്ങളാണ് ശാസ്ത്രീയ ഘടകങ്ങളായി പരിണമിക്കാറുള്ളത്.

ഏതൊരു വ്യക്തിക്കും പറയുവാനോ പ്രകടമാക്കുവാനോ ഉള്ള ഒരാശയമുണ്ടെങ്കിൽ, അതു പ്രകാശിപ്പിക്കാനുള്ള മാദ്ധ്യമം സ്വയമേവ സംസിദ്ധമായിക്കൊള്ളും. അതിന്നുള്ള രൂപം ഒരു പ്രശ്നമായി തീരുന്നില്ല. എന്തെങ്കിലും അറിയിക്കാനുള്ളത് ഇല്ലാതിരിക്കുമ്പോഴും, അതേസമയം എന്തെങ്കിലും പ്രകാശിപ്പിക്കുവാൻ നിർബന്ധം വരുമ്പോഴുമാണ് കലയും സാഹിത്യവുമൊക്കെ സാഹസ പ്രവർത്തനമായി തീരാറുള്ളത്. ഇതാണ് ഇന്നു് നമ്മുടെ സാഹിത്യത്തിലും കലകളിലും കാണുന്ന ദുസ്ഥിതിക്കു കാരണം. നിർബന്ധ ബുദ്ധിയോടെ നിർമ്മിച്ചുയർത്തുന്ന ഇത്തരം സൃഷ്ടികൾ കാലത്തിന്റെ കാറേററ് മണ്ണടിയും. എന്നാൽ ഇതു സംഭവിക്കുന്നതിന്നു് മുമ്പ് അവ വരുത്തുന്ന ദുസ്ഥിതിയും ദുർഘടങ്ങളും കുറവല്ല. നന്മയും തിന്മയും തമ്മിലുള്ള പോരാട്ടത്തിൽ, നന്മ ജയിക്കുന്നതിന്നു് മുമ്പ്, തിന്മ നാശനഷ്ടങ്ങൾ വരുത്തുന്നത് നിരവധിയായിരിക്കും. ദുഃഖങ്ങൾ വിപുലമായിരിക്കും. നമ്മുടെ പുരാണങ്ങളിലെ കഥകളും മററും ഈ സത്യമാണല്ലോ പ്രതീകാത്മക ഭംഗിയോടെ പ്രസ്പഷ്ടമാക്കുന്നത്.

നാടൻ കലകൾക്കും ഇന്നു് നേരിടേണ്ടി വരുന്നത് ഈ വെല്ലുവിളി തന്നെ. സുസംഘടിതവും സുസജ്ജവുമായ ഒരു ബഹുജന മാദ്ധ്യമമാണ് ചലച്ചിത്രം. അത് കയ്യടക്കിയിരിക്കുന്നതും നിയന്ത്രിക്കുന്നതും സമ്പന്നരായ വ്യവസായികളാണ്. ചലച്ചിത്രത്തെ അവർ സ്വീകരിച്ചിരിക്കുന്നത് സ്വന്തം സമ്പത്തും സ്വാധീനവും സ്ഥാപിക്കുന്നതിന്നും പുലർത്തുന്നതിനുമാണ്. ഇന്നു നിലവിലിരിക്കുന്ന സാമൂഹ്യ സാഹചര്യത്തിൽ വ്യവസായം – അത് ഏതുതന്നെയായാലും – സമ്പത്തു വർദ്ധിപ്പിക്കുന്നതിന്നുള്ള ഒരു വഴി മാത്രമാണ്. സ്വകാര്യ വ്യവസായങ്ങളുടെയെല്ലാം ലക്ഷ്യം ലാഭമാണ്. ഈ പശ്ചാത്തലത്തിൽ തന്നെയാണ് ചലച്ചിത്ര വ്യവസായവും വർത്തിക്കുന്നത്. കലകൾക്കും കലാകാരന്മാർക്കും ഏററവും കൂടുതൽ കാശുകൊടുക്കുന്നത് അവരുമാണ്. എന്നാൽ കലയേയും കലാകാരന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമാണ് ഇതു ചെയ്യുന്നതെന്നു്, അവരുടെ കൂട്ടത്തിലുള്ള ശുദ്ധഗതിക്കാരൻപോലും അവകാശപ്പെടുകയില്ല. ലാഭം തന്നെയാണ് ഏററവും പ്രധാനപ്പെട്ട കാര്യം.

നമ്മുടെ ചലച്ചിത്രങ്ങളിൽ ഉൾപ്പെടുത്താറുള്ളതും അവതരിപ്പിക്കാറുള്ളതുമായ ചില നാടൻ കലകളുടെ കാര്യമാണ് ഇവിടെ പ്രസക്തം. ഗാനാത്മകതയും കാവ്യാത്മകതയും ലാളിത്യവുമൊക്കെ ഒത്തിണങ്ങിയിട്ടുള്ള എത്രയോ നല്ല നാടൻ പാട്ടുകൾ നമുക്കുണ്ട്. എന്നാൽ, കഷ്ടകാലമെന്നു പറയട്ടെ, അവയുടെ ഗാനശൈലി നമുക്ക് നഷ്ടപ്പെട്ടിരിക്കുന്നു. പല പാട്ടുകളുടെയും വാക്കുകൾ നമ്മുടെ പുസ്തകങ്ങളിലും, പാട്ടു

ശേഖരങ്ങളിലും കിട്ടാനുണ്ട്. എന്നാൽ ഒരു പാട്ടിന്റെ ആത്മാവ് അതിൻെറ ഗാന ശൈലിയാണല്ലോ. കുറെ ക്കാലം മുമ്പുവരെ പ്രായം ചെന്നവരും, അർപ്പണ ബോധത്തോടെ സ്വധർമ്മങ്ങൾ അനുഷ്ഠിച്ചിരുന്നവരു മായ അദ്ധ്യാപകന്മാർക്കും നാടൻ പാട്ടുകളുടെ പല തിൻെറയും ഗാനരൂപം പ്രകടിപ്പിക്കാനുള്ള ശേഷിയു ണ്ടായിരുന്നു. കൂടാതെ നാടൻ കലാരൂപങ്ങൾ തൊഴി ലായി സ്വീകരിച്ചിരുന്ന ആളുകളേയും കുറെയൊക്കെ കാണാൻ കിട്ടുമായിരുന്നു. ഇവരിൽനിന്നു് നാടൻ കലകളുടെയും ഗാനങ്ങളുടെയും യഥാർത്ഥ ഭാവ രൂപ ങ്ങൾ അറിയുവാനും ഇടയുണ്ടായിരുന്നു. എന്നാൽ ഇവരുടെ സംഖ്യ തീരെ ഇല്ലാതായിത്തീരുന്ന സ്ഥിതി യിലേക്കാണ് നാം ''പുരോഗമിക്കു''ന്നത്. കൃഷ്ണ ഗാഥയോ, കാകളിയോ, കേകയോ അതിൻെറ ശുദ്ധ രൂപങ്ങളിൽ ചൊല്ലികേൾപ്പിക്കാൻ അറിവില്ലാത്ത അദ്ധ്യാപകരാണ് — ഇവരിൽ ചിലരൊക്കെ സാഹി ത്യകാരന്മാരാണെന്നു് അഭിമാനിക്കുന്നവരാണ് — ഇന്നു് കൂടുതലുള്ളത്. അതിൻെറ ഫലമായി ആത്മാ വ് നഷ്ടപ്പെട്ട കുറെ അസ്ഥിപഞ്ജരങ്ങളായിട്ടാണ് നാടൻ പാട്ടുകൾ നമ്മുടെ ഗ്രന്ഥങ്ങളിൽ അവശേഷി ക്കുന്നത്.

നാടൻ പാട്ടുകളുടെ ഈ ദയനീയ നിലതന്നെയാ ണ് ദൃശ്യപ്രധാനങ്ങളായ നാടൻ കലകളുടെയും മററും കാര്യത്തിലും പറയാനുള്ളത്, പഴയ ചട്ടവട്ടങ്ങളും ചിട്ടകളും എല്ലാം നഷ്ടമായി എന്തൊക്കെയോ കാട്ടി ക്കൂട്ടുന്നതിന്നുള്ള അരങ്ങായി അവ അധഃപ്പതിച്ചിരി ക്കുന്നു. പഴയ കലകൾ അഭ്യസിക്കുന്നതിന്നുള്ള അഭി നിവേശം ഇല്ലെന്നുതന്നെ പറയാം. അഥവാ ആരെങ്കി ലും അങ്ങിനെയൊരു ആഗ്രഹംകൊണ്ടു് കലാപ്രകടന ത്തിന്നു് തയ്യാറെടുത്താൽ, പഴയതിൽ വരുത്തിക്കൂട്ടുന്ന പരിഷ്ക്കാരങ്ങൾകൊണ്ട്, കല ശ്വാസംമുട്ടി മോഹാ ലസ്യത്തിലാണ്ടിരിക്കുന്ന നിലയിലേ പ്രകടമാകാറുള്ളൂ.

ഈ ദുസ്ഥിതിക്ക് കാരണമെന്തെന്നു് പരിശോ ധിക്കുമ്പോഴാണ് മുഖ്യമായി ചലച്ചിത്രങ്ങളുടെ സ്വാ ധീനത്തിൻെറ മാരകസ്വഭാവംനമുക്ക്ബോദ്ധ്യമാകുന്ന ത്. നമ്മുടെ സിനിമയിൽ ഇത് മലയാള സിനിമയിൽ മാത്രമല്ല മിക്കവാറും എല്ലാ ഭാഷാസിനിമകളിലും– നാടോടിപാട്ടുകൾ അവതരിപ്പിക്കുന്നത് സംഗീത സംവിധായകൻ സ്വന്തം സംഗീതം നൽകിയാണ്. നാടൻപാട്ട് സ്വീകരിച്ച് അതിൻെറ ഗാനത്തെ കൂടു തൽ ഉജ്ജ്വലിപ്പിക്കുന്ന ആപത്തിലാക്കുന്നതിന്'വേണ്ട കരുക്കൾ ഒരുക്കുന്നതിനു പകരം, തികച്ചും വ്യത്യസ്തമാ യ ഗാനരീതിയും ഭാവവും നൽകി ''കമ്മേർസിയലൈ സ്'' ചെയ്തു് നാടൻപാട്ട് പുറത്തുവരുന്നു. നാടൻപാ ട്ടിനെക്കുറിച്ച്, അതിൻെറ ശുദ്ധമായ രൂപത്തെക്കുറി ച്ച്, ബോധമില്ലാതെ, വാക്കുകളെമാത്രം ആധാരമാക്കി ഗാനാവിഷ്ക്കരണം നടത്തുന്ന ഇത്തരം സംഗീതസം വിധായകന്മാരാണ് നാടോടിപ്പാട്ടുകളുടെ നാശത്തി ൻെറ മണിമുഴക്കുന്നവർ. ഇത്കൊണ്ടു് രണ്ടു് ആപ ത്താണ് മുഖ്യമായിട്ടുള്ളത്. ഒന്നു്–ശക്തമായ ബഹുജ ന മാദ്ധ്യമത്തിൻെറ സകലവിധമായ ശക്തിക്കും വിധേയമായി അവതരിക്കുന്ന ഇത്തരം ഗാനത്തിന്നു് എവിടെയെങ്കിലും പഴയ ഗാനത്തിൻെറ മാതൃകകൾ അവശേഷിച്ചിട്ടുണ്ടെങ്കിൽ അത് പുറത്തേക്ക് വരാ ത്തവിധത്തിൽ ഒതുക്കിക്കളയുന്നു. ഒരവസരത്തിൽ പുള്ളുവനും പുള്ളുവത്തിയും അവരുടെ പുള്ളുവൻവീണ യും കുടവുമൊക്കെ ഉപയോഗിച്ച് തന്നെ പുള്ളുവൻ പാട്ട് പാടിയത് ഏതോ ഒരു സിനിമയിൽ ആലപി ച്ചുകേട്ടിട്ടുള്ള ഒരു ''ഹിററ്സോങ്ങാ''യിരുന്നു! കാര്യം തിരക്കിയപ്പോഴാണ് സത്യം പുറത്ത് വന്നത്. ''ഇപ്പോഴൊക്കെ ഇങ്ങിനാണെങ്കിലേ ജീവിക്കാൻ പററു''.

''എന്നാൽ അങ്ങിനെ ചെയ്തോളൂ! വല്ല ലളിതഗാ നമേളയെന്നോ മറേറാ പറഞ്ഞുകൊണ്ടു് ആയിക്കൂടെ? പുള്ളുവൻപാട്ടെന്നു പറയുന്നതെന്തിന്നു്?''

''പുള്ളുവൻ പാടുന്നതൊക്കെ പുള്ളുവൻ പാട്ടെ ന്നാണോ വ്യാഖ്യാനം!'' പുള്ളുവൻ മാത്രമല്ല ഞാനും ചിരിച്ചു.

രണ്ടു്– പഴയ കലാരൂപങ്ങളുടെ യഥാർത്ഥ രൂപ ങ്ങളുമായി പരിചയപ്പെടുവാൻ ഇടവന്നിട്ടില്ലാത്ത പുതിയ തലമുറയ്ക്കു് അവയെക്കുറിച്ച് തെററിദ്ധാരണ കൾ വളരും എന്നതാണ്. സിനിമയിൽ വേടന്മാരു ടെ നൃത്തവും, കാട്ടുജാതിക്കാരുടെ സംഘനൃത്തവും, എ ന്തിനു് തൊഴിലാളികളുടെ സംഘനൃത്തവുമൊക്കെ കാണുമ്പോൾ, ഇത് എവിടെ ഏതുകാലത്ത് ആരു നടത്തുന്നു എന്നതിനെക്കുറിച്ചു് അത്ഭുതപ്പെടാറുണ്ടു്. തൽസമയത്തുളവാകുന്ന ''വികാരത്തിൻെറ വേലിയേ ററം'' കാരണം കയ്യടിക്കുവാൻ ജനലക്ഷങ്ങൾ ഒരുക്ക വുമാണ്. എന്നാൽ നമ്മുടെ നാടൻ കലാ പാരമ്പര്യം അവിടെ മരണമടയുകയാണെന്ന സത്യം എത്രപേർ ചിന്തിക്കാറുണ്ടു്.

സിനിമയെന്ന ബഹുജന മാദ്ധ്യമത്തിന്റെ വാണി ജ്യ സ്വഭാവമാണ്, ഈ വിധത്തിലുള്ള കലാഭാസ ങ്ങൾകൊണ്ടു് ശുദ്ധ കലാരൂപങ്ങളെ നഷ്ടപ്രഭങ്ങളാക്കു ന്നതും നശിപ്പിക്കുന്നതും. കള്ളനാണയങ്ങൾക്കാണ ല്ലോ നല്ലനാണയങ്ങളെക്കാൾ തിളക്കവും മുഴക്കവും കൂടുതൽ ഉള്ളത്.

